LIBRARY ARCHIVES Kerala Legislative Assembly

സംഭരണം അവസാനിച്ച 2020-21 സീസണിൽ 27.48 രൂപ /കി.ഗ്രാം നിരക്കിലാണ് കർഷകർക്ക് നെല്ലിന്റെ സംഭരണ വിലയായി നൽകിയത്. 2021 സെപ്തംബർ മാസം തുടങ്ങുന്ന അടുത്ത സീസൺ മുതൽ സംഭരിക്കുന്ന നെല്ലിന് സംസ്ഥാന സർക്കാർ വിഹിതമായ എസ്.ഐ.ബി. ഇനത്തിൽ കി.ഗ്രാമിന് 52 പൈസ കൂടി വർദ്ധിപ്പിച്ച് സംഭരണവില കിലോയ്ക്ക് ആകെ 28 രൂപ ആക്കിയിട്ടുണ്ട്. കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ താങ്ങുവില സമയബന്ധിതമായി നൽകുന്നതിന് സംസ്ഥാന സർക്കാർ പി.ആർ.എസ്. (പാഡി രസീത് ഷീറ്റ്) വായ്പ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. പി.ആർ.എസ്. വായ്പാപദ്ധതിയ്ക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 10 ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നെല്ല് നൽകിയ കൈപ്പറ്റ് രസീത് ബാങ്കിൽ ഹാജരാക്കുന്നമുറയ്ക്ക് സപ്ലൈകോ പേഓർഡർ റിലീസ് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ സംഭരണ വില കർഷകർക്ക് നൽകുകയും ചെയ്യുന്നു. ഇപ്രകാരം വിതരണം ചെയ്യുന്ന തുകയും ആയതിന്റെ പലിശയും സപ്ലൈകോ അതാത് ബാങ്കുകൾക്ക് തിരികെ നൽകുന്നു. നിലവിൽ സംഭരണം പൂർത്തിയായ 2020-21 സീസണിലെ സംഭരണ വിലയായി 2,047.11 കോടി രൂപ 241687 കർഷകർക്കായി 4-8-2021 വരെ വിതരണം ചെയ്തിട്ടുണ്ട്. 10473 കർഷകർക്കായി ഏകദേശം 54.78 കോടി രൂപ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കരനെൽകൃഷി

29 (4417) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരനെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷമതയേറിയ വിത്തിനങ്ങൾ കണ്ടുപിടിക്കുന്നതിന് ഉതകുന്ന ഗവേഷണങ്ങൾ നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

ഉണ്ട്. കരനെൽകൃഷിക്ക് അനുയോജ്യമായതും ഉയർന്ന വിളവ് നൽകുന്നതുമായ "വൈശാഖ്" എന്ന നെല്ലിനം കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്.

(ബി) കരനെൽകൃഷി ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13,600 രൂപ നിരക്കിൽ 404.41 ഹെക്ടറിൽ വ്യാപിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കരനെൽകൃഷി ലാഭകരമാക്കുന്നതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായി ആയതിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രധാന പരിചരണ മുറകളായ കള നിയന്ത്രണം, ജലസേചനം, നൂതന വളപ്രയോഗ രീതികൾ മുതലായവ കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പരിചരണ മുറകൾ കേരളത്തിന്റെ മറ്റുസ്ഥലങ്ങളിലും കർഷകരുടെ കൃഷിയിടങ്ങളിലും പരീക്ഷിച്ച് കൃത്യത ഉറപ്പുവരുത്തിയതിനുശേഷം കർഷകർക്ക് അനുവർത്തിക്കുന്നതിനായി പ്രചാരം നൽകുന്നതാണ്.

കുറ്റ്യാടിയിലെ നെൽകൃഷി

30 (4418) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിലെ ഏറ്റവും കൂടുതൽ നെൽകൃഷിയുള്ള കുറ്റ്യാടിയിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കാനുള്ള നടപടിക്രമങ്ങളെക്കുറിച്ചും കർഷകർക്ക് കൃഷി വകുപ്പ് വഴി ലഭിക്കുന്ന സഹായങ്ങളെക്കുറിച്ചും വിശദമാക്കാമോ?

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള നെൽകൃഷിവികസന പദ്ധതിയിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം വിത്തും വളവും വാങ്ങുന്നതിലേക്കായി ഹെക്ടറിന് 5,500 രൂപ ധനസഹായം നൽകുന്നുണ്ട്. ഒന്നാം വർഷ തരിശ് നെൽകൃഷി ചെയ്യുന്നതിന് സുഭിക്ഷകേരളം പദ്ധതി പ്രകാരം ഹെക്ടറിന് 40,000 രൂപ ധനസഹായം നൽകുന്നു. കൂടാതെ 'ഒരു പൂ കൃഷി ഇരു പൂ കൃഷി' ഒരുക്കുന്നതിലേയ്ക്കായി ഹെക്ടറിന് 10,000 രൂപയും കരനെൽകൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 13,600 രൂപയും പാടശേഖര സമിതിയുടെ ദൈനംദിന ചെലവുകൾക്കായി ഹെക്ടറിന് 360 രൂപയും ധനസഹായം നൽകുന്നു. നെൽകൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 1,000 രൂപ നിരക്കിൽ കർഷകന് നെല്ലുൽപ്പാദക ബോണസും നെൽകൃഷി ചെയ്യുന്ന നെൽവയൽ ഉടമകൾക്ക് ഹെക്ടറിന് 2,000 രൂപ നിരക്കിൽ റോയൽറ്റിയും നൽകുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഉഴവുകൂലിക്കും മറ്റ് ഉൽപ്പാദനോപാധികൾക്കുമായി ഹെക്ടറിന് പരമാവധി 22,000 രൂപ വരെ ധനസഹായം നൽകുന്നുണ്ട്. സർക്കാർ സപ്ലൈകോ മുഖേന നെല്ല് സംഭരിക്കുകയും സംഭരണം പൂർത്തിയാക്കിയ 2020-21 സീസൺ വരെ സംഭരണവിലയായി കിലോയ്ക്ക് 27.48 രൂപ കർഷകർക്ക് നൽകുകയും ചെയ്തു. സെപ്തംബറിൽ ആരംഭിക്കുന്ന അടുത്ത സീസണിൽ നെല്ലിന്റെ സംഭരണ വില കിലോയ്ക്ക് 28 രൂപയായി ഉയർത്തിയിട്ടുണ്ട്. കുറ്റ്യാടിയിലെ കൈപ്പാട് നിലങ്ങൾ പുനരുദ്ധീകരിക്കുന്നതിനായി പഞ്ചായത്തുതല കമ്മിറ്റി രൂപീകരിച്ച് കൈപ്പാട് നിലങ്ങൾ കണ്ടെത്തുകയും പ്രസ്തുത സ്ഥലങ്ങളിൽ കൃഷിയിറക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു.